ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:04.05.2025**

## പ്രധാനവാർത്തകൾ

1. കേരളം ടൂറിസം രംഗത്ത് വൻ കുതിപ്പാണ് നടത്തുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ; സഞ്ചാരികളുടെ പ്രതീക്ഷക്കൊത്ത് ഉയരാനുള്ള ഉത്തരവാദിത്തം നാടിനുണ്ടെന്നും മുഖ്യമന്ത്രി.
2. ലോക ദൃശ്യ ശ്രാവ്യ വിനോദ ഉച്ചകോടി - **WAVES** 2025 ഇന്ന് സമാപിക്കും.
3. തൃശ്ശൂർ നഗരം പൂര ലഹരിയിലേക്ക്; സാമ്പിൾ വെടിക്കെട്ട് ഇന്ന്; ചമയപ്രദർശനങ്ങൾക്ക് തുടക്കമായി.
4. ചക്രക്കസേരയിലിരുന്ന് നാടിന് അക്ഷരവെളിച്ചമേകിയ സാക്ഷരതാ പ്രവർത്തക കെ വി റാബിയ വിടവാങ്ങി.
5. അഖിലേന്ത്യാ മെഡിക്കൽ പ്രവേശനത്തിനുള്ള **NEET-UG** പരീക്ഷ ഇന്ന്.
6. ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് 2025 ന് ഇന്ന് ബീഹാറിൽ തുടക്കം; -ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ.

&&&&&&&&&&&&&&&&&&&&&&

PNU TVPM

## മുഖ്യമന്ത്രി - മുഴപ്പിലങ്ങാട് ബീച്ച് (ഇൻട്രോ)

കേരളം ടൂറിസം രംഗത്ത് വൻ കുതിപ്പാണ് നടത്തുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഏഷ്യയിലെ ഏറ്റവും വലിയ ഡ്രൈവ് ഇൻ ബീച്ചായ മുഴപ്പിലങ്ങാട് ബീച്ചിൽ നടപ്പാക്കുന്ന ടൂറിസം വികസന പദ്ധതിയുടെ ഒന്നാം ഘട്ടം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സഞ്ചാരികളുടെ പ്രതീക്ഷകൾക്കൊത്ത് ഉയരാനുള്ള ഉത്തരവാദിത്തം നമുക്കുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

**(ഹോൾഡ് ഫോർ വോയ്സ്)**

വടക്കൻ കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളെ ലോകശ്രദ്ധയിലേക്കെത്തികാനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തുന്നതെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&&&

## വേവ്സ് 2025

നാല് ദിവസമായി മുംബൈയിൽ നടക്കുന്ന ലോക ദൃശ്യ ശ്രാവ്യ വിനോദ ഉച്ചകോടി - WAVES 2025 ന് ഇന്ന് സമാപനം.

**(ഹോൾഡ് ഫോർ മ്യൂസിക്)**

മേയ് ഒന്നിന് പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് ഉച്ചകോടി ഉദ്ഘാടനം ചെയ്തത്. WAVES ഉച്ചകോടിയുടെ അവസാന ദിനമായ ഇന്ന്, ചലച്ചിത്ര നിർമാണം, സാംസ്കാരിക മേഖല എന്നിവയെ കുറിച്ചുള്ള മാസ്റ്റർ ക്ലാസുകൾ പുരോഗമിക്കുകയാണ്. WAVES ബസാറിൻറെ ഉദ്ഘാടന പതിപ്പിൽ ഇതുവരെ, വിവിധ മേഖലകളിലായി 800 കോടിയിലധികം രൂപയുടെ വ്യവസായ ഇടപാടുകളാണ് നടന്നത്.

&&&&&&&&&&&&&&&&&&&&&

## കോഴിക്കോട് മെഡിക്കൽ കോളേജ്

കോഴിക്കോട് മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ വിഭാഗത്തിൽ പുക ഉയർന്നത സംഭവത്തെ തുടർന്ന് പഴയ കാഷ്വാലിറ്റിയിൽ ബദൽ സംവിധാനം സജ്ജമാക്കി. ഇന്ന് മുതൽ അടിയന്തര ചികിത്സ ഇവിടെ ഉറപ്പാക്കും. ബീച്ച് ആശുപത്രി കാഷ്വാലിറ്റിയിലും സജ്ജീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

PNU TVPM

സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് മൂന്ന് ദിവസത്തിനുള്ളിൽ പൂർണ പ്രവർത്തനസജ്ജമാകും. രോഗീപരിചരണവുമായി ബന്ധപ്പെട്ട് ഉയർന്ന പരാതിയിൽ വിദഗ്ധസംഘം സമഗ്ര അന്വേഷണം നടത്തും.

&&&&&&&&&&&&&&&&&&&&&

## തൃശ്ശൂർ പൂരം (ഇൻട്രോ)

തൃശ്ശൂർ നഗരം പൂര ലഹരിയിലേക്ക്. പൂരത്തിൻറെ സാമ്പിൾ വെടിക്കെട്ട് ഇന്ന് നടക്കും. തിരുവമ്പാടി, പാറമേക്കാവ് ദേവസ്വങ്ങളിൽ ചമയപ്രദർശനങ്ങൾക്കും തുടക്കമായി.
പൂരത്തിൻറെ വിശേഷങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിതപ്രതാപ്....
(വോയ്സ്)

&&&&&&&&&&&&&&&&&&&&&

## പൂരം - മന്ത്രി രാജൻ

തൃശൂർ പൂരത്തെ വിവാദങ്ങളൊന്നും ബാധിക്കില്ലെന്ന് മന്ത്രി കെ.രാജൻ. കഴിഞ്ഞ വർഷത്തെ പൂരത്തിലെ പ്രശ്നങ്ങൾ സംബന്ധിച്ച് അന്വേഷണസംഘം തന്നോട് വിവരങ്ങൾ ആരാഞ്ഞിരുന്നതായും മന്ത്രി മാധ്യമ പ്രവർത്തകരോട് പറഞ്ഞു.

PIU TVPM

&&&&&&&&&&&&&&&&&&&&&

## നീറ്റ് യു ജി പരീക്ഷ

അഖിലേന്ത്യാ മെഡിക്കൽ പ്രവേശനത്തിനായുള്ള ഈ വർഷത്തെ NEET-UG പ്രവേശന പരീക്ഷ ഇന്ന്. ഇന്ത്യയിലെ 5,000 ത്തിലധികം കേന്ദ്രങ്ങളിലും വിദേശത്തെ 13 നഗരങ്ങളിലും പരീക്ഷ നടക്കും. 22.7 ലക്ഷത്തോളം വിദ്യാർത്ഥികൾ പരീക്ഷ എഴുതും. ഉച്ചയ്ക്ക് രണ്ട് മണി മുതൽ അഞ്ച് മണിവരെയാണ് പരീക്ഷ. ഉച്ച്ക്ക് 1.30ന് ശേഷം ആരെയും പരീക്ഷാ കേന്ദ്രത്തിലേക്ക് പ്രവേശിപ്പിക്കില്ല. രാജ്യത്ത് ആകെയുള്ള 780 മെഡിക്കൽ കോളേജുകളിലായി ഒരുലക്ഷത്തി 18,190 MBBS സീറ്റുകളും 329 ദന്തൽ കോളേജുകളിലായി 28,000 സീറ്റുകളുമാണുള്ളത്. .

&&&&&&&&&&&&&&&&&&&&&

റാബിയ അന്തരിച്ചു (ഇൻട്രോ)

ചക്രക്കസേരയിലിരുന്ന് നാടിനാകെ അക്ഷരവെളിച്ചം പകർന്ന സാമൂഹിക പ്രവർത്തക കെ വി റാബിയ വിടവാങ്ങി. 59 വയസായിരുന്നു. മലപ്പുറം കോട്ടക്കലിൽ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. 2022-ൽ രാജ്യം പത്മശ്രീ നൽകി ആദരിച്ചിട്ടുണ്ട്.

വിശദാംശങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു...............

**(വോയ്സ്)**

&&&&&&&&&&&&&&&&&&&&&&

വയനാട് - പ്രിയങ്ക ഗാന്ധി

പ്രിയങ്ക ഗാന്ധി എം.പി ഇന്ന് വയനാട് മണ്ഡലത്തിലെ വിവിധ പരിപാടികളിൽ പങ്കെടുക്കും. വൈകിട്ട് വയനാട് വൈൽഡ് ലൈഫ് ഡിവിഷന് എം.പിയുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്ന് ലഭ്യമാക്കിയ ആംബുലൻസ്, നൂൽപുഴ കുടുംബാരോഗ്യ കേന്ദ്രത്തിന് നൽകിയ മൊബൈൽ ഡിസ്പെൻസറി വാഹനം എന്നിവയുടെ താക്കോൽ കൈമാറും.

&&&&&&&&&&&&&&&&&&&&&&

ലഹരി വിമുക്ത കാമ്പയിൻ ( ഇൻട്രോ )

സംസ്ഥാന കായിക വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ലഹരി വിമുക്ത കാമ്പയിൻ 'കിക്ക് ഡ്രഗ്സ്" പ്രചരണ സന്ദേശ യാത്രക്ക് നാളെ കാസർഗോഡ് തുടക്കമാകും. മന്ത്രി അബ്ദുറഹിമാൻ സന്ദേശയാത്ര നയിക്കും. 14 ജില്ലകളിലൂടെയും സഞ്ചരിച്ച് ഈ മാസം 22-ന് എറണാകുളത്ത് യാത്ര സമാപിക്കും. വിശദാംശങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി ജഗന്നിവാസൻ......

**( വോയിസ്.... )**

&&&&&&&&&&&&&&&&&&&&&&

ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് 2025

ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് 2025 ന് ഇന്ന് ബീഹാറിൽ തുടക്കം. പട്ന, രാജ്ഗിർ, ഗയ, ഭഗൽപൂർ, ബെഗുസാരായി എന്നീ

അഞ്ച് നഗരങ്ങളിലായി ഈ മാസം 15 വരെയാണ് ഗെയിംസ് നടക്കുക. തിരഞ്ഞെടുത്ത മത്സരങ്ങൾ ന്യൂഡൽഹിയിൽ നടക്കും. 28 കായിക ഇനങ്ങളിലായി 5,000 അത്‌ലറ്റുകൾ മത്സരിക്കും. പട്നയിലെ പാട്‌ലിപുത്ര സ്പോർട്സ് കോംപ്ലക്സിൽ വൈകിട്ടാണ് ഉദ്ഘാടന ചടങ്ങ്.

&&&&&&&&&&&&&&&&&&&&&&

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. വൈകിട്ട് 3.30 ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, രാജസ്ഥാൻ റോയൽസിനേയും രാത്രി 7.30-ന് പഞ്ചാബ് കിങ്സ്, ലഖ്നൗ സൂപ്പർ ജയിൻറ്സിനേയും നേരിടും.

&&&&&&&&&&&&&&&&&&&&&&

## അഗ്നിശമന സേനാദിനം

ഇന്ന് അന്താരാഷ്ട്ര അഗ്നിശമന സേനാദിനം. ഏത് അടിയന്തിര സാഹചര്യത്തിലും ജീവൻ പണയം വച്ച് പ്രവർത്തിക്കുന്ന അഗ്മിശമന സേനാംഗങ്ങളെ ആദരിക്കാനും ബഹുമാനിക്കുമാനുമാണ് ദിനാചരണം. 1999 മുതലാണ് മേയ് നാല് അഗിശമനസേനാ ദിനമായി ആചരിക്കാൻ ആരംഭിച്ചത്.

RNU TVPM

&&&&&&&&&&&&&&&&&&&&&&

## ജമ്മു കശ്മീർ - വെടിവയ്പ്പ്

ജമ്മു കശ്മീരിലെ നിയന്ത്രണ രേഖയിൽ വെടിവയ്പ്പ് തുടർന്ന് പാകിസ്ഥാൻ സൈന്യം. കുപ്വാര, ബാരാമുള്ള, പൂഞ്ച്, രജൗരി അതിർത്തി പ്രദേശങ്ങളിലാണ് വെടിവയ്പുണ്ടായത് . പാക് പ്രകോപനത്തിന് ഇന്ത്യൻ സൈന്യം ശക്തമായ തിരിച്ചടി നൽകിയതായി പ്രതിരോധ വൃത്തങ്ങൾ അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&

## ഡിആർഡിഒ

സ്ട്രാറ്റോസ്ഫെറിക് എയർഷിപ്പ് പ്ലാറ്റ്ഫോമിൻറെ പരീക്ഷണ പറക്കൽ വിജയകരമായി നടത്തി ഡിആർഡിഒ. മധ്യപ്രദേശിലെ ഷിയോപൂർ ട്രയൽ സൈറ്റിൽ നിന്നായിരുന്നു വിക്ഷേപണം

.ഏകദേശം 17 കിലോമീറ്റർ ഉയരത്തിലേക്കാണ് പേലോഡ് വഹിച്ചുകൊണ്ട് എയർ ഷിപ് പറന്നുയർന്നത്. ആഗ്രയിലുള്ള ഏരിയൽ ഡെലിവറി റിസർച്ച് ആൻഡ് ഡെവലപ്മെൻറ് എസ്റ്റാബ്ലിഷ്മെൻറാണ് ഇത് വികസിപ്പിസിച്ചെടുത്തത്. പരീക്ഷണം വിജയിച്ചതിൽ കേന്ദ്രമന്ത്രി രാജ്നാഥ് സിംഗ് ഡിആർഡിഒയെ അഭിനന്ദിച്ചു.

&&&&&&&&&&&&&&&&&&&&&

## വേളാങ്കണ്ണി അപകടം

തമിഴ്നാട്ടിൽ വാഹനാപകടത്തിൽ നാല് മലയാളികൾ മരിച്ചു. വേളാങ്കണ്ണിക്ക് യാത്ര പോയ തിരുവനന്തപുരം സ്വദേശികളാണ് അപകടത്തിൽപെട്ടത്. തമിഴ്നാട്ടിലെ തിരുവാരൂരിന് സമീപം ഇന്ന് പുലർച്ചെയായിരുന്നു അപകടം. ഒമ്നി വാൻ ബസുമായി കൂട്ടിയിടിക്കുകയായിരുന്നു.

&&&&&&&&&&&&&&&&&&&&&

## തിരുവനന്തപുരം - അപകടം

തിരുവനന്തപുരത്ത് അമിത വേഗതയിൽ എത്തിയ കാർ ഇടിച്ച് ഓട്ടോ ഡ്രൈവർ മരിച്ചു. തിരുവനന്തപുരം തിരുമല സ്വദേശി സുനിൽ ആണ് മരിച്ചത്. കാർ ഇടിച്ച് ഓട്ടോയ്ക്ക് തീപിടിക്കുകയായിരുന്നു. അപകടത്തിൽ മൂന്ന് പേർക്ക് പരിക്കേറ്റു. പുലർച്ചെ മൂന്ന് മണിയോടെ പട്ടം സെൻറ് മേരീസ് സ്കൂളിന് സമീപമാണ് അപകടം.

RNUTVPM

&&&&&&&&&&&&&&&&&&&&&

## ഉപരാഷ്ട്രപതി

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്ന് മധ്യപ്രദേശിലെ ഗ്വാളിയോർ സന്ദർശിക്കും. ഇന്ന് വൈകുന്നേരം രാജ് മാതാ വിജയരാജെ സിന്ധ്യ കൃഷി വിശ്വവിദ്യാലയത്തിൽ, അധ്യാപരുമായും വിദ്യാർത്ഥികളുമായും അദ്ദേഹം സംവദിക്കും. നഗരത്തിലെ പ്രാദേശിക പരിപാടികളിലും ഉപരാഷ്ട്രപതി പങ്കെടുക്കും.

&&&&&&&&&&&&&&&&&&&&